# Malayala Manorama

# 19 August 2018

# Kochi, Inflation, Food Items

## സ്റ്റോക്കില്ല; ഭക്ഷ്യവസ്തുക്കൾക്ക് വൻ വിലക്കയറ്റം

കൊച്ചി ● പലയിടങ്ങളിലും അവശ്യവസ്തുക്കൾ കിട്ടാനില്ലാതായതോടെ കടകളിൽ അവശേഷിക്കുന്ന ഭക്ഷ്യോൽപന്നങ്ങൾക്കു വൻ വിലക്കയറ്റം.

പച്ചക്കറികൾ ഏതാണ്ടു പൂർണമായും തീർന്നപ്പോൾ അവശേഷിച്ച തക്കാളി, പച്ചമുളക് എന്നിവ വിറ്റുപോയത് കിലോഗ്രാമിന് 200 രൂപയ്ക്കാണ്.

ബീറ്റ്റൂട്ട്, പാവയ്ക്ക എന്നിവയ്ക്കും വില 100 രൂപയായി. ബീഫ് കിലോഗ്രാമിനു 40 രൂപ വരെ ഉയർന്നു.

പച്ചക്കറി രണ്ടു ദിവസമായി കടകളിലെത്തുന്നില്ലെന്നു കച്ചവടക്കാർ പറഞ്ഞു. പെരുമ്പാവൂർ, കാലടി മേഖലകളിലെ അരിമില്ലുകൾ വെള്ളത്തിനടിയിലായതോടെ അരിയ്ക്കും പ്രതിസന്ധി നേരിടുന്നുണ്ട്.

ഇന്നലെ സാധനങ്ങളില്ലാത്തതിനാൽ പല കടകളും തുറന്നില്ല. തുറന്ന കടകളിൽ വലിയ തിരക്കനുഭവപ്പെട്ടു.

ആളുകൾ വീടുകളിലേക്കു വൻതോതിൽ സാധനങ്ങൾ വാങ്ങി സംഭരിക്കുന്നതിനാൽ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് അവശ്യസാധനങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമാണ്. നാപ്കിൻ, ഡയപ്പർ, അണുനാശിനികൾ എന്നിവയ്ക്കും ക്ഷാമമുണ്ട്.

റോഡുകൾ തകർന്നതോടെ തമിഴ്നാട്ടിലും മറ്റ് അയൽ സംസ്ഥാനങ്ങളിലും നിന്നു ലോഡുമായി വാഹനങ്ങൾക്കു വരാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

ഇന്നലെ ചെറിയതോതിൽ മാത്രമാണു കടകളിൽ സ്റ്റോക്ക് എത്തിയത്. വന്നപാടെ സാധനങ്ങളെല്ലാം തീരുകയും ചെയ്തു.

പാൽ, പാൽപ്പൊടി, കുപ്പിവെള്ളം എന്നിവയ്ക്കു കടുത്ത ക്ഷാമമുണ്ട്.

ബ്രെഡ്, ബിസ്കറ്റ്, റെസ്ക്, പായ്ക്ക് ചെയ്ത ചപ്പാത്തി, തൈര്, പാൽപ്പൊടി, മുട്ട, ഗോതമ്പുപൊടി, അരിപ്പൊടി, റവ, പഞ്ചസാര, കറി മസാലകൾ, തേയിലപ്പൊടി, ചെറുപയർ, വൻപയർ, പരിപ്പ്, കടല, എണ്ണ, പായ്ക് ചെയ്ത ഭക്ഷ്യസാധനങ്ങൾ, മെഴുകുതിരി, നിലക്കടല, അണ്ടിപ്പരിപ്പ്, ഉണങ്ങിയ പഴങ്ങൾ തുടങ്ങി ഒട്ടുമിക്ക അവശ്യവസ്തുക്കളും പല കടകളിലുമില്ല.

1–ാം ചരമവാർഷികം
20–08–2018